(സി) വകുപ്പിന്റെ വക സ്ഥലം കൈയ്യേറിയത് സംബന്ധിച്ച് ടി സ്ഥലങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.

(ഡി) കെ. എസ്. ഇ. ബി. ഗാർഡുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് നടത്തുന്ന കാര്യവും പരിഗണിച്ചുവരുന്നു.

തൊടുപുഴയിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

37 [2522] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ പോലീസ് കോംപ്ലക്സിന്റെയും എ.ആർ. ക്യാമ്പിന്റെയും പണി നിർത്തിവച്ചിട്ടുണ്ടോയെന്നും ഇവയുടെ ഇപ്പോഴുള്ള അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ;

(ബി) വർഷങ്ങളായി ട്രാഫിക് യൂണിറ്റായി പ്രവർത്തിയ്ക്കുന്ന തൊടുപുഴ സ്റ്റേഷൻ, ട്രാഫിക് സ്റ്റേഷനായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(സി) തൊടുപുഴയിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥനയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഉത്തരം

(എ) തൊടുപുഴ പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ഡി.വൈ.എസ്.പി. ആഫീസ്, ട്രാഫിക് സ്റ്റേഷൻ, ഇടുക്കി എ.ആർ. ക്യാംപ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായുള്ള സ്ഥലം കൈമാറ്റം, സൈറ്റ് ക്ലിയറൻസ്, മണ്ണുപരിശോധന എന്നിവയിലുണ്ടായ കാലതാമസംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് താമസം നേരിട്ടിരുന്നു.

(ബി) സംസ്ഥാനത്തെ ഏതൊക്കെ പോലീസ് ട്രാഫിക് യൂണിറ്റുകൾ ട്രാഫിക് പോലീസ് സ്റ്റേഷനാക്കി ഉയർത്തണമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. പരിശോധിച്ചു വരുന്നു.

(സി) തൊടുപുഴ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് വനിതാ പോലീസിനെ നിയമിച്ചു കഴിഞ്ഞതിനാൽ അവിടെ ഒരു വനിതാ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കേണ്ട ആവശ്യകത ഉണ്ടെന്ന് കരുതുന്നില്ല.

പോലീസ് നടപടിക്രമത്തിന്റെയും ട്രെയിനിംഗിന്റെയും കാലോചിതമായ പരിഷ്ക്കാരം

38 [2523] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷ് ഭരണകാലത്ത് രൂപം നൽകിയ പോലീസ് നടപടിക്രമവും പോലീസ് ട്രെയിനിംഗ് സംവിധാനവും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly